# ഗാനാദ്ധ്യാപകൻ

(ഒന്നാം പുസ്തകം)

വിഭൂതി, ഓശാന ഞായർ, പെസ
ഹാവ്യാഴം, ദുഃഖവെള്ളി, കുർബ്ബാ
നയുടെ വാഴ്‌വ്, വർഷാരംഭപ്രാ
ർത്ഥന, വർഷാവസാനപ്രാർത്ഥന,
ക്രിസ്മസ്‌രാത്രി

Courtesy: The Christian Musicological Society of India www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

Courtesy: The Christian Musicological Society of India www.TheCMSIndia.in

Fr. John Kachiramattam C.M.I.

# ഗാനാദ്ധ്യാപകൻ

(ഒന്നാം പുസ്തകം)

വിഭൂതി, ഓശാന ഞായർ, പെസഹാവ്യാഴം, ദുഃഖവെള്ളി, കുർബാനയുടെ വാഴ്‌വ്, വർഷാരംഭപ്രാർത്ഥന, വർഷാവസാനപ്രാർത്ഥന, ക്രിസ്‌മസ്‌രാത്രി

രചന: ഫാ. ആബേൽ സി. എം. ഐ.

സംഗീതം: റാഫി ജോസ്


എറണാകുളം,

15-8-1969

2 രൂപ 75 പൈസ

# വിഭൂതി

## കണ്ണീരാരുതരും




Courtesy: The Christian Musicological Society of India www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഗാനം

1 കണ്ണീരാരുതരും
പശ്ചാത്താപത്തിൽ
പാപംകഴുകിട്ടുവാൻ
കണ്ണീരാരുതരും?


നിൻതിരുകല്പനവിട്ടുലകിൻ
മറിമായങ്ങളിൽ മുഴുകീഞാൻ
പാഴായ്പ്പോയൊരു ദിനമെല്ലാ-
മോർത്തോർത്തുരുകിക്കരയാനായ്
താപത്തിൻ കണ്ണീരാരുതരും?

2 വൈരിയെനിക്കെതിരായ്
വലകൾവിരിച്ചവയിൽ
വീണുകുഴങ്ങീഞാൻ
വീണുകുഴങ്ങീഞാൻ.

വലകൾതകർത്തെൻ നാഥാ, നീ
രക്ഷയെനിക്കു കനിഞ്ഞരുളീ:
പാവനമാം തവ കല്പനകൾ
ലംഘിച്ചേററം ദുർബ്ബലനായ്
വീണ്ടും ഞാൻ വലയിൽവീണല്ലോ.

Courtesy: The Christian Musicological Society of India www.TheCMSIndia.in

## മനുഷ്യാ, നീ മണ്ണാകുന്നു




## ഗാനം

മനുഷ്യാ, നീ മണ്ണാകുന്നു
മണ്ണിലേക്കു മടങ്ങും നൂനം:
അനുതാപകണ്ണുനീർ വീഴ്ത്തി—പാപ—
പ്പരിഹാരം ചെയ്തുകൊൾക നീ. മനുഷ്യാ നീ....

Courtesy: The Christian Musicological Society of India www.TheCMSIndia.in

1 ഫലംനൽകാതുയർന്നുനില്ക്കും-വൃക്ഷ-
നിരയെല്ലാമരിഞ്ഞു വീഴ്ത്തും:
എരിതീയിലെരിഞ്ഞുവീഴും-നീറി
നിറംമാറിച്ചാമ്പലായ്ത്തീരും.

മനുഷ്യാ നീ....

2 ദൈവപുത്രൻവരുന്നാഴിയിൽ-ധാന്യ-
ക്കളമെല്ലാം ശുചിയാക്കുവാൻ:
നെന്മണികൾ സംഭരിക്കുന്നു- കെട്ട
പതിരെല്ലാം ചുട്ടെരിക്കുന്നു.

മനുഷ്യാ നീ....

3 ആയിരങ്ങൾ വീണുതാഴുന്നു-മർത്ത്യ-
മാനസങ്ങൾ വെന്തുനീറുന്നു:
നിത്യജീവൻ നല്കിടും നീർച്ചാൽ-വിട്ടു
മരുഭൂവിൽ ജലംതേടുന്നു.

മനുഷ്യാ നീ....

4 സ്വർഗ്ഗരാജ്യമാർഗ്ഗമങ്ങോളം-കൂർത്ത
മുള്ളുമുററിയിരുണ്ടു നില്പൂ:
തീനരകംതീർത്ത മാർഗ്ഗങ്ങൾ-വീതി
നിറഞ്ഞുപൂചൊരിഞ്ഞുനില്പൂ.

മനുഷ്യാ നീ....


5 ശിലോഹായിൽ ഗോപുരംവീണു-കൂടെ
നരരേറെ മരിച്ചുവീണു.
തപംചെയ്തുവരംനേടാഞ്ഞിൽ-നിങ്ങൾ
അതുപോലെതകർന്നുപോകും.

മനുഷ്യാ നീ....

Courtesy: The Christian Musicological Society of India www.TheCMSIndia.in


# ഓശാന ഞായർ

## ഓശാന പാട്ടുവിൻ





Courtesy: The Christian Musicological Society of India www.TheCMSIndia.in

# കർത്താവിൻ പൂജിതനാമത്തിൽ




Courtesy: The Christian Musicological Society of India www.TheCMSIndia.in




## ഗാനം

ഓശാന, ഓശാന
ദാവീദിൻസുതനോശാന

ഓശാന....

കർത്താവിൻ പൂജിതനാമത്തിൽ
വന്നവനെ വാഴ്ത്തിപ്പാടിട്ടുവിൻ:
വിണ്ണിൻപൂവേദിയിലോശാന
ദാവീദിൻ സൂനുവിനോശാന

ഓശാന....

Courtesy: The Christian Musicological Society of India www.TheCMSIndia.in

ബാലകരും തീൎത്ഥകരും
നാഥനു ജയ്ഗാനം പാടുന്നു:
പുതുമലരും തളിരിലയും
നാഥനു ജയ്ഗാനം പാടുന്നു.

ഓശാന....

ജയ്വിളിയാൽ ചില്ലുകളുണരുന്നു:
പാതകളിൽ തോരണമിളകുന്നു:
ദൈവസുതൻ വിനയവിരാജിതനായ്
അണയുന്നു നഗരകവാടത്തിൽ.

ഓശാന....

വിണ്ടലവും ഭൂതലവും
മംഗളഗീതിയിൽ മുഴുകുന്നു:
വാനവരും മാനവരും
നൂതനസന്തോഷം നുകരുന്നു.

ഓശാന....

വെൺനുരയാലാഴിയലംകൃതമായ്:
നീലിമയാലംബരവീഥികളും:
കാനനവും കാഞ്ചനപൂവനവും
നാഥനു സൗരഭ്യം പകരുന്നു.

ഓശാന....


ബാലകരും തീർത്ഥകരും
നാഥനു ജയ്ഗാനം പാടുന്നു:
പുതുമലരും തളിരിലയും
നാഥനു ജയ്ഗാനം പാടുന്നു.

ഓശാന....

Courtesy: The Christian Musicological Society of India www.TheCMSIndia.in

## സെഹിയോൻ പുത്രി

2 tunes




Courtesy: The Christian Musicological Society of India www.TheCMSIndia.in

# ഗാനം

ഓശാന ഓശാന
ദാവീദിൻസുതനോശാന

ഓശാന....

സെഹിയോൻപുത്രീ, മോദംപൂണരുക
നിന്നുടെ നാഥനിതാ,
പ്രതാപവാനായ് വരുന്നു പൊന്നിൻ
കീർത്തനവീചികളിൽ.

ഓശാന....

വിനീതനായൊരു കഴുതക്കുഞ്ഞിൻ
പുറത്തെഴുന്നള്ളി
സൈത്തിൻചില്ലകൾ വിതറിയവഴിയേ
വരുന്നു ദൈവസുതൻ.

ഓശാന....

നിരയായ്നീണ്ടും ബാലികമാരുടെ
കീർത്തനമുയരുമ്പോൾ
ബാലന്മാരുടെ കൈയിൽ ചില്ലകൾ
താളം തുള്ളുന്നു.


ഓശാന....

ഓശാനകളാലാഴിചലിക്കു–
ന്നംബരമുണരുന്നു.
സ്വരവീചികളാലവനീവാസികൾ
പുളകംകൊള്ളുന്നു.

ഓശാന....

Courtesy: The Christian Musicological Society of India www.TheCMSIndia.in

## മഹേശ്വരാ


മ ഹേ ശ്വ രാ, നിൻ സു ദി നം കാ ണാ ൻ
ക ഴി ഞ്ഞ കണ്ണിന സൗ ഭാ ഗ്യം:
മ നോ ജ്ഞ മാം നിൻ ഗീ തികൾ പാ ടാ ൻ
ക ഴി ഞ്ഞ നാ വിന സൗ ഭാ ഗ്യം
ആ ര് ആ ര് ക ണ്ണു കൾ വ ണ്ടേ
ആ ര് ആ ര് മ ല ങ്ങൾ വ ണ്ടേ
അ ട ഞ്ഞു നി ന്നേ കാ ണാ തെ:
കൊ ഴി ഞ്ഞു പോ യി ക ണ്ണീ രിൽ.
കൊ ഴി ഞ്ഞു പോ യി ക ണ്ണീ രിൽ.

## ഗാനം

മഹേശ്വരാ, നിൻ സുദിനംകാണാൻ
കഴിഞ്ഞകണ്ണിന്നു സൗഭാഗ്യം: (1)
മനോജ്ഞമാംനിൻ ഗീതികൾപാടാൻ
കഴിഞ്ഞനാവിന്നു സൗഭാഗ്യം

മഹേശ്വരാ....

നൂറുനൂറുകണ്ണുകൾ പണ്ടേ
അടഞ്ഞുനിന്നെക്കാണാതെ:
നൂറുനൂറു മലരുകൾപണ്ടേ
കൊഴിഞ്ഞുപോയീ കണ്ണീരിൽ.


മഹേശ്വരാ....

ദൈവപുത്രൻ പിറന്ന മണ്ണിൽ
പുലരും മർത്ത്യനു സൗഭാഗ്യം
ആശയുണ്ടു്; പ്രകാശമുണ്ടു്;
മിഴിനീരൊപ്പാനാളുണ്ടു്.

മഹേശ്വരാ....

Courtesy: The Christian Musicological Society of India www.TheCMSIndia.in

## മാലാഖമാരുടെ യഷം




Courtesy: The Christian Musicological Society of India www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# പെസഹാവ്യാഴം

## ഗാനം

മാലാഖമാരുടെയപ്പം
സ്വർഗ്ഗീയജീവൻെറയപ്പം
കാരുണ്യദാനമായ ദൈവം
മാനവലോകത്തിനേകി.

മാലാഖ....

സവ്വേശനാദം മുഴങ്ങി:
മേഘങ്ങളെല്ലാമിറങ്ങി:
ആകാശവാതിൽ തുറന്നു;
സ്വർഗ്ഗീയമന്നാ പൊഴിഞ്ഞു.

മാലാഖ....


പാറകൾ പൊട്ടിപ്പിളന്നു:
നീർച്ചാലതിൽനിന്നുണന്നു:
മരുവിൽത്തടാകം വിരിഞ്ഞു:
പുതുപൂക്കളെങ്ങും നിറഞ്ഞു.

മാലാഖ....



Courtesy: The Christian Musicological Society of India www.TheCMSIndia.in

## കാലത്തിൽ വെള്ളമെടുത്തു




Courtesy: The Christian Musicological Society of India www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA




## ഗാനം

താലത്തിൽ വെള്ളമെടുത്തു
വെൺകച്ചയുമരയിൽച്ചുററീ
മിശിഹാതൻ ശിഷ്യന്മാരുടെ
പാദങ്ങൾ കഴുകി.

വിനയത്തിൻമാതൃക നൽകാൻ
സ്നേഹത്തിൻ പൊൻകൊടി നാട്ടാൻ
സകലേശൻ ദാസന്മാരുടെ
പാദങ്ങൾ കഴുകി.

സ്നേഹത്തിൻ ചിറകുവിരിഞ്ഞു
‘‘രാജാളി’’ തെളിഞ്ഞുപറഞ്ഞു:
‘‘സ്നേഹിതരേ, നിങ്ങൾക്കിന്നൊരു
മാതൃക ഞാനേകീ.

Courtesy: The Christian Musicological Society of India www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

''ഗുരുവെന്നു വിളിപ്പൂ നിങ്ങൾ
പരമാർത്ഥതയുണ്ടതിലെങ്കിൽ
ഗുരു നൽകിയ പാഠം നിങ്ങൾ
സാദരമോർത്തിട്ടുവിൻ.

''പാദങ്ങൾ കഴുകിയ ഗുരുവിൻ
ശിഷ്യന്മാർ നിങ്ങൾ, അതോർത്താൽ
അന്യോന്യം പാദം കഴുകാൻ
ഉൽസുകരായ്ത്തീരും.

''വത്സലരേ, നിങ്ങൾക്കായ് ഞാൻ
നൽകുന്നു പുതിയൊരു നിയമം
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ
അന്യോന്യം നിങ്ങൾ.

''അവനിയിലെൻ ശിഷ്യഗണത്തെ-
യറിയാനുള്ളടയാളമിതാ-
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ
അന്യോന്യം നിങ്ങൾ.

''സ്നേഹിതനെ രക്ഷിപ്പതിനായ്
ജീവൻ ബലിചെയ്‌വതിനെക്കാൾ
ഉന്നതമാം സ്നേഹം പാർത്താൽ
മറെറന്തുണ്ടുലകിൽ?

Courtesy: The Christian Musicological Society of India www.TheCMSIndia.in

ഞാനേകിയ കല്പനയെല്ലാം
പാലിച്ചു നടന്നിട്ടുമെങ്കിൽ
നിങ്ങളിലെൻ നയനം പതിയും:
സ്നേഹിതരായ്ത്തീരും.

“ദാസന്മാരെന്നു വിളിക്കാ,
നിങ്ങളെ ഞാനിനിയൊരുനാളും
സ്നേഹിതരായ്ത്തീർന്നു, ചിരമെൻ
വത്സലരേ, നിങ്ങൾ.

“മാലിന്യം നിങ്ങളിലില്ലാ
നിർമ്മലരാ;ണെങ്കിലുമോർത്താൽ
എല്ലാവരുമല്ല; ല്ലിതിലും
വഞ്ചകനുണ്ടിടയിൽ.

“സഹഭോജിയെനിക്കെതിരായ്ത്താൻ
കുതികാല്യകൾ നീട്ടിയവാക്യം
സമയത്തിൻതികവിൽ മുറപോൽ
നിറവേറാനില്ലേ?

Courtesy: The Christian Musicological Society of India www.TheCMSIndia.in

# ദുഃഖവെള്ളി





## ഗാനം

''കഴിയുമെങ്കിലിപ്പാനപാത്രമെൻ
പ്രിയതാതാ, മാററിത്തരണമേ''.
താണു ദൈവത്തിൻ സൂനു ഭൂമിയിൽ
വീണു താതനോടർത്ഥിച്ചു. കഴിയു....

മർത്യപാപങ്ങൾ വന്നുയന്നൊരു
മാമലതീർത്തു നില്ക്കവേ
ഭീതിയാൽ മൃദുമേനിയാകവേ
രക്തധാരയിലാഴ്ന്നുപോയ്. കഴിയു....

Courtesy: The Christian Musicological Society of India www.TheCMSIndia.in

## സ്വന്തം ജനങ്ങൾക്കു




Courtesy: The Christian Musicological Society of India www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ഗാനം

സ്വന്തം ജനങ്ങൾക്കു ജീവനേകാൻ
സർവ്വേശനന്ദനൻ ഭുവിൽവന്നു:
കുരിശാണാനാഥനായ്ത്തീത്തുലോകം:
വ്യഥയാണാനാഥനിൽച്ചേത്തുലോകം.

ഇരുളിൽപ്രകാശം തെളിച്ചുകാട്ടാൻ
പരമപ്രകാശം കനിഞ്ഞിറങ്ങി:
കുരിശാണാനാഥനായ്ത്തീർത്തുലോകം;
വ്യഥയാണാനാഥനിൽച്ചേർത്തുലോകം.


സ്വന്തം....

Courtesy: The Christian Musicological Society of India www.TheCMSIndia.in


## കുരിശിനാലെ




## മിശിഹാ കർത്താവേ




Courtesy: The Christian Musicological Society of India www.TheCMSIndia.in




## ഗാനം

മിശിഹാ കർത്താവേ,
മാനവരക്ഷകനേ,
നരനു വിമോചനമേകിടുവാൻ
നരനായ് വന്നു പിറന്നവനേ,


മിശിഹാ....

മാലാഖമാരൊത്തു ഞങ്ങൾ
പാടിപ്പുകഴ്ത്തുന്നു നിന്നെ
പരിശുദ്ധൻ, പരിശുദ്ധൻ
കർത്താവേ, നീ പരിശുദ്ധൻ.

മിശിഹാ....

Courtesy: The Christian Musicological Society of India www.TheCMSIndia.in

## ദൈവസൂനോ




Courtesy: The Christian Musicological Society of India www.TheCMSIndia.in

# ഗാനം

ദൈവസൂനോ, ലോകനാഥാ,
കുരിശിനാൽ മർത്ത്യനെ വീണ്ടെടുത്തു നീ,
നവ്യരാജ്യം ചേർന്നിടുമ്പോൾ
കനിവിയന്നു ഞങ്ങളേയുമോർത്തിടേണമേ.

ദൈവസൂനോ....

1 നിൻപ്രീതിമാത്രം ലക്ഷ്യമാക്കി
നിൻദിവ്യമാർഗ്ഗം പിന്തുടർന്നിടാൻ
ആശയോടെ, മോദമോടേ
ഞങ്ങൾ നിൻവരങ്ങൾതേടി വന്നിടുന്നു.

ദൈവസൂനോ....


2 പാരിലെന്നുമങ്ങേ ശിഷ്യരാകുവാൻ
ദിവ്യദൗത്യമെന്നും ഭുവി നിറവേറ്റുവാൻ
ആശയോടേ, മോദമോടേ
ഞങ്ങൾ നിൻവരങ്ങൾ തേടിവന്നിടുന്നു.

ദൈവസൂനോ....

---

Courtesy: The Christian Musicological Society of India www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY of INDIA

# താതാ, മാനവരയിരേക്കാൻ




Courtesy: The Christian Musicological Society of India www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ഗാനം

താതാ, മാനവനുയിരേകാൻ
ബലിയായ്ത്തീൎന്നോരാത്മജനെ
തൃക്കൺപാൎക്കണമലിവോടേ;
തൃക്കൺപാൎക്കണമലിവോടേ.

നിസ്തുലപീഡകളേററോട്ടവിൽ
മൃത്യുവരിച്ചോരു നിൻസുതനെ
കൈക്കൊണ്ടാലുമവൻമൂലം
ഞാനും നിൎമ്മലനായ്ത്തീരും.

കോപമിയന്നിനിയോൎക്കരുതെൻ
പാപമൊരിക്കലുമഖിലേശാ,
കാൽവരിമലയിൽ വീണൊഴുകും
രക്തമെനിക്കായ് പ്രാൎത്ഥിപ്പൂ.

താതാ, നിൻസുതനേയോർത്തെൻ
പ്രാൎത്ഥനയഖിലം കേൾക്കണമേ:
ദിവ്യാനുഗ്രഹമേകണമേ:
ദിവ്യാനുഗ്രഹമേകണമേ.

തിന്മകളെങ്ങും നിറയുമ്പോൾ
കരുണയതിന്മേലുയരുന്നു:
നീരദചുംബിതമാമലയേ-
ക്കാളും നിൻകൃപ വലുതല്ലോ.

Courtesy: The Christian Musicological Society of India www.TheCMSIndia.in

പെരുകിവരുന്നൊരു പാപത്തിൻ
പരിഹാരത്തിനു ദിവ്യസുതൻ
കുരിശിലണച്ചൊരു തിരുബലി നീ
തൃക്കൺപാക്കണമഖിലേശാ.

സതതം നിൻ ദയനേടിടുവാൻ
സുതനുടെമരണം മതിയല്ലോ;
ഞാനതുമൂലം ജീവിക്കും;
ഞാനതുമൂലം ജീവിക്കും.


മർത്ത്യകുലത്തിനു രക്ഷകനേ
നല്കിയ താതനു വന്ദനവും
മൃത്യുവരിച്ചൊരു സൂനുവിനായ്
നിതരാംപരമാരാധനയും.

മാനവരക്ഷാകർമ്മങ്ങൾ
പൂരിതമാക്കിയ നിർമ്മലനാം
ദൈവാത്മാവിനുമെന്നെന്നും
സ്തുതിയും മംഗളകീർത്തനവും.

താതാ....

Courtesy: The Christian Musicological Society of India www.TheCMSIndia.in

ഞാനെൻ പിതാവിന്റെ പക്കൽ.




Courtesy: The Christian Musicological Society of India www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ഗാനം

''ഞാനെൻ പിതാവിൻെറ പക്കൽ
പോകുന്നിതാ, യാത്രചൊൽവൂ:''
സ്വർല്ലോകനാഥൻ മൊഴിഞ്ഞു:
സന്താപമെങ്ങും നിറഞ്ഞു. ഞാനെൻ....

അസ്വസ്ഥരാകേണ്ട, നിങ്ങൾ
വിശ്വാസദീപം തെളിപ്പിൻ;
ഒട്ടേറെയുണ്ടെൻ പിതാവിൻ
ഗേഹത്തു പൂമന്ദിരങ്ങൾ.

''നിങ്ങൾക്കിടം ചെന്നൊരുക്കാൻ
പോകുന്നു ഞാനങ്ങുവിണ്ണിൽ;
വീണ്ടുംവരും ഞാനൊരിക്കൽ
നിങ്ങളെപ്പൂവിണ്ണിലേററാൻ.

''ഞാനാണു നിങ്ങൾക്കുമാർഗ്ഗം
നേരായകൈവല്യമാർഗ്ഗം;
ഞാനാണു നിങ്ങൾക്കു ജീവൻ:
ഞാനാണു നിങ്ങൾക്കു സത്യം.

''മററുള്ളമാർഗ്ഗങ്ങളൊന്നും
സ്വർഗ്ഗത്തുചെന്നെത്തുകില്ല;
ഞാനാണു നിങ്ങൾക്കുമാർഗ്ഗം,
നേരായ കൈവല്യമാർഗ്ഗം.

''കാണില്ലൊരല്പം കഴിഞ്ഞാൽ
കാണില്ല വീണ്ടെന്നെലോകം;
നിങ്ങളോ കണ്ടിടും; നമ്മൾ
ജീവിച്ചിരിക്കുന്നുവല്ലോ.

''പെട്ടെന്നനാഥരായ് ഭുവിൽ
നിങ്ങളേ ഞാൻ കൈവിടില്ല
വീണ്ടും വരുന്നിതാ, വീണ്ടും
നിങ്ങളെക്കാണ്മാൻ വരുന്നു.



Courtesy: The Christian Musicological Society of India www.TheCMSIndia.in

''നിത്യമെൻ നിർദ്ദേശമെല്ലാം
കൃത്യമായ്ക്കാക്കുന്ന മർത്യൻ
സമ്മോദമെന്നിൽ വിതയ്ക്കും;
സംപ്രീതിയെന്നിൽ വളർത്തും.

''നല്കുന്നു ഞാൻ നവ്യശാന്തി—
പാരിൽക്കുരുക്കാത്ത ശാന്തി
നീങ്ങൾക്കു ഞാനേകിടുന്നു
സമ്പൂതമെൻ ദിവ്യശാന്തി.

''ഞാനെൻ പിതാവിൻെറ പക്കൽ
പോകുന്നതോർത്തോർത്തു നിങ്ങൾ
കേഴേണ്ട, ചെന്നെൻ പിതാവിൽ
ചേരുന്നതാണെൻെറ മോദം.

''എന്നെപ്പിതാവെന്നപോലെ
സ്നേഹിച്ചു നിങ്ങളേ ഞാനും;
നിങ്ങളെൻ സൗഭാഗ്യമേറും
സ്നേഹത്തിലെന്നും വസിപ്പിൻ.


''നിങ്ങളേ ലോകം വെറുത്താൽ
നിന്ദനംകൊണ്ടേ നിറച്ചാൽ
എന്നെയാണാലോകമാദ്യം
നന്നേ വെറുത്തെന്നതോർക്കിൻ.

''അഴലേറിയുൾത്തടം നീറും;
പ്രലപിച്ചു കണ്ണുകൾ താഴും;
ഒരുനാളിലെല്ലാം നിലയ്ക്കും
പരിശോഭ നിങ്ങൾക്കുദിക്കും.

''താതനേ വിട്ടു ഞാൻ വന്നു,
ലോകത്തിലേയ്ക്കു ഞാൻ വന്നു;
പോകുന്നു ഞാനിതാ, വീണ്ടും
താതനിൽച്ചെന്നങ്ങു ചേരാൻ.''

Courtesy: The Christian Musicological Society of India www.TheCMSIndia.in

## ഗാഗുൽത്താമലയിൽനിന്നും.



## ഗാനം

ഗാഗുൽത്താമലയിൽനിന്നും
വിലാപത്തിൻ മാറൊലികേൾപ്പൂ:
''ഏവമെന്നെ ക്രൂശിലേററുവാൻ
അപരാധമെന്തു ഞാൻ ചെയ്തു?''

ഗാഗുൽത്താ....

''മുന്തിരി ഞാൻ നട്ട നിങ്ങൾക്കായ്
മുന്തിരിച്ചാറൊരുക്കിവച്ചു:
എങ്കിലുമീക്കയ്പുനീരല്ലേ
ദാഹശാന്തിക്കെനിക്കുനല്കി?

ഗാഗുൽത്താ....

''വനത്തിലൂടാനയിച്ചു ഞാൻ
അന്നമായ് വിൺമന്ന തന്നില്ലേ?
അതിനെല്ലാം നന്ദിയായ് നിങ്ങൾ
കുരിശല്ലോ നൽകിടുന്നിപ്പോൾ.

ഗാഗുൽത്താ....

കൊട്ടങ്കാട്ടിലന്നു നിങ്ങൾക്കായ്
മേഘദീപത്തുണ തീർത്തു ഞാൻ
അറിയാത്തോരപരാധങ്ങൾ
ചുമത്തുന്നു നിങ്ങളിന്നെന്നിൽ.

ഗാഗുൽത്താ....

''രാജചെങ്കോലേകിവാഴിച്ചു,
നിങ്ങളേ ഞാനെത്രമാനിച്ചു!
എൻശിരസ്സിൽ മുൾമുടിചാർത്തി,
നിങ്ങളിന്നെൻ ചെന്നിണം തുകി.

ഗാഗുൽത്താ....

Courtesy: The Christian Musicological Society of India www.TheCMSIndia.in

''നിങ്ങളേ ഞാനുയർത്താൻ വന്നു,
ക്രൂശിലെന്നെത്തറച്ചു നിങ്ങൾ;
മോക്ഷവാതിൽ തുറക്കാൻ വന്നു,
ശിക്ഷയായെൻ കൈകൾ ബന്ധിച്ചു.''

ഗാഗുൽത്താ....

കുരിശേ, മനോജ്ഞവൃക്ഷമേ,
നിൻ സുമങ്ങളെത്ര മോഹനം!
നിൻ ദളങ്ങളാശവീശുന്നു;
നിൻ ഫലങ്ങൾ ജീവനേകുന്നു.

ഗാഗുൽത്താ....

കുരിശിന്മേലാണികണ്ടു ഞാൻ,
കോമളമാം മുള്ളുകൾ കണ്ടു:
വികാരങ്ങൾ കുന്നുകൂട്ടുന്നു:
കണ്ണുനീരിൻ ചാലു വീഴുന്നു.

ഗാഗുൽത്താ....

മരത്താലേ വന്ന പാപങ്ങൾ
മരത്താലേ മാറ്റുവാനായി
മരത്തിന്മേലാർത്തനായ് തൂങ്ങി
മരിക്കുന്നു രക്ഷകൻ ദൈവം.


ഗാഗുൽത്താ....

വിജയപ്പൊൻകൊടി പാറുന്നു:
വിശുദ്ധിതൻ വെണ്മ വീശുന്നു:
കുരിശേ, നിൻ ദിവ്യപാദങ്ങൾ
നമിക്കുന്നു സാദരം ഞങ്ങൾ-

ഗാഗുൽത്താ....

Courtesy: The Christian Musicological Society of India www.TheCMSIndia.in

# വി. കുർബാനയുടെ വാഴ്‌വ്





## ഗാനം

അഖിലലോക നായകാ, വാഴ്ത്തിടുന്നു ഞങ്ങൾ:
ഈശോ നാഥാ, പുകഴ്ത്തിടുന്നു ഞങ്ങൾ.
നീയല്ലോ ശരീരങ്ങൾക്കുയിർപ്പേകുന്നു:
നീതന്നെയാത്മാവിനു രക്ഷയേകുന്നു.

Courtesy: The Christian Musicological Society of India www.TheCMSIndia.in


# അഖിലലോകനായകാ

(മറെറാന്നു്)




Courtesy: The Christian Musicological Society of India www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY of INDIA

7 സ്വർഗ്ഗത്തിൽ നിന്നാഗതമാം.




## ഗാനം

സ്വർഗ്ഗത്തിൽനിന്നാഗതമാം
ജീവൻ നല്കുമൊരപ്പം നീ:
മർത്ത്യന്നു മുക്തി പകർന്നരുളും
നിത്യമഹോന്നതമപ്പം നീ

മാനവരേ, മോദമൊടേ
നാഥനെ വാഴ്ത്തിപ്പാടിടുവിൻ:
ദൈവത്തിൻ പരിപാവനമാം
സന്നിധിചേർന്നു വണങ്ങിടുവിൻ


സ്വർഗ്ഗത്തിൽ....

Courtesy: The Christian Musicological Society of India www.TheCMSIndia.in

ദിവ്യശരീരം മാനവനായ്
നല്കിയ നാഥനെ വാഴ്ത്തീടുവിൻ:
ദിവ്യനിണത്താൽപ്പാപികളെ
നേടിയ നാഥനെ വാഴ്ത്തീടുവിൻ. സ്വർഗ്ഗത്തിൽ....

---

## 8. പരിശുദ്ധശരീരത്താലും.





### ഗാനം

പരിശുദ്ധ ശരീരത്താലും
വിലയേറിയ രക്തത്താലും
പാപത്തിൻ കറകളിൽനിന്നും
മർത്ത്യനു നീ മോചനമേകി.

സകലേശാ ദിവ്യകടാക്ഷം
തൂകണമേ വത്സലസുതരിൽ:
നിർമ്മലരായ് ജീവിച്ചീടുവാൻ
ചിന്തണമേ ദിവ്യവരങ്ങൾ.


Courtesy: The Christian Musicological Society of India www.TheCMSIndia.in

## 9. ദൈവത്തെ വാഴ്ത്തീടുവിൻ




Courtesy: The Christian Musicological Society of India www.TheCMSIndia.in

ദൈവത്തെ വാഴ്ത്തിടുവിൻ




Courtesy: The Christian Musicological Society of India www.TheCMSIndia.in

## ഗാനം

ദൈവത്തെ വാഴ്ത്തീട്ടുവിൻ
ദൈവനാമം വാഴ്ത്തീട്ടുവിൻ:
ദൈവവും മനുജനുമാം
മിശിഹാനാഥനെ വാഴ്ത്തീട്ടുവിൻ.

മിശിഹാ തൻ പൂജിതമാം
തിരുനാമം വാഴ്ത്തീട്ടുവിൻ:
സ്നേഹത്തിന്നുറവിടമാം
തിരുഹൃദയം വാഴ്ത്തീട്ടുവിൻ.

പീഠത്തിൽ വാണരുളും
മിശിഹായെ വാഴ്ത്തീട്ടുവിൻ
രക്ഷകനാം മിശിഹാതൻ
ദിവ്യനിണം വാഴ്ത്തീട്ടുവിൻ.

വരനിരയാലൊളി വിതറും
ദൈവാത്മാവിനെ വാഴ്ത്തീട്ടുവിൻ.
ദൈവത്തിൻ മാതാവാം
കന്യാമേരിയെ വാഴ്ത്തീട്ടുവിൻ.

മറിയത്തിൻ നിർമ്മലമാം
ഉത്ഭവം വാഴ്ത്തീട്ടുവിൻ:
സ്വർഗ്ഗാരോപിതമാതാവിൻ
തിരുനാമം വാഴ്ത്തീട്ടുവിൻ.

നിർമ്മലയാം കന്യകതൻ
വല്ലഭനെ വാഴ്ത്തീട്ടുവിൻ:
സിദ്ധരിലും ദൂതരിലും
ദൈവത്തെ വാഴ്ത്തീട്ടുവിൻ.

Courtesy: The Christian Musicological Society of India www.TheCMSIndia.in

# വർഷാരംഭപ്രാർത്ഥന

## 1. പരിശുദ്ധാത്മാവേ




Fr. John Kachiramattam C.M.I.

Courtesy: The Christian Musicological Society of India www.TheCMSIndia.in

## ഗാനം

പരിശുദ്ധാത്മാവേ, നീയെഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.

പരിശുദ്ധാത്മാവേ....

സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ,
അന്ധകാരവിരിപ്പുമാററിട്ടും
ചന്തമേറുന്ന ദീപമേ,
കേഴമാത്മാവിലാശവീശുന്ന
മോഹനദിവ്യഗാനമേ.

പരിശുദ്ധാത്മാവേ....


വിണ്ടുണങ്ങിവരണ്ട മാനസം
കണ്ടവിണ്ണിൻ തടാകമേ,
മന്ദമായ് വന്നു വീശിയാനന്ദം
തന്ന പൊന്നിളംതെന്നലേ,
രക്തസാക്ഷികളാഞ്ഞുപുൽകിയ
പുണ്യജീവിതപാത നീ.

പരിശുദ്ധാത്മാവേ....

Courtesy: The Christian Musicological Society of India www.TheCMSIndia.in

# വർഷാവസാനപ്രാർത്ഥന

2. ദൈവമെ നിൻ ദിവ്യദാനങ്ങൾക്കായ്




Courtesy: The Christian Musicological Society of India www.TheCMSIndia.in

# സ്തോത്രഗീതം

ദൈവമേ, നിൻദിവ്യദാനങ്ങൾക്കായ്
നന്ദിയോടേ ഞങ്ങൾ നിന്നെ വാഴ്ത്തീടുന്നു.

അപകടങ്ങളിൽ വീഴാതെ
വീണുപോയാൽത്താഴാതെ
അനുദിനം ഞങ്ങളെ നീ
കാത്തുപോന്നല്ലോ. (2)

ദൈവമേ....

പാപത്തിൻ വഴിയിലും
ശോകത്തിൻ ചുഴിയിലും
തൃക്കരങ്ങൾ നീട്ടി ഞങ്ങൾ–
ക്കാശ്രയം നൽകി. (2)

ദൈവമേ....

ആത്മാവിലാശ്വാസമേകി
അന്നന്നു ഭോജ്യമേകി
എന്നുമെന്നും ഞങ്ങളിൽ നീ
വാണിടുന്നല്ലോ. (2)

ദൈവമേ....

Courtesy: The Christian Musicological Society of India www.TheCMSIndia.in

# ക്രിസ്മസ്രാത്രി

## ഗാനം

വരുന്നു മംഗളസന്ദേശവുമായ്
വരുന്നു ദൈവസുതൻ
കുളുർമ്മയരുളും സുവിശേഷവുമായ്
വരുന്നു ദൈവസുതൻ

വരുന്നു....

കൈത്തിരിയിരുളിൽത്തെളിച്ചുകാട്ടാൻ
വരുന്നു ദൈവസുതൻ
കരളിൽ പരിമളമലരുകൾ ചാർത്താൻ
വരുന്നു ദൈവസുതൻ

വരുന്നു....


കൊടുംനിരാശയിലമർന്ന ഭുവിനു
നിറം പകർന്നിടുവാൻ
തകർന്ന മാനസവീണയിലത്ഭുത-
ഗാനമുണർത്തിടുവാൻ

വരുന്നു....




Courtesy: The Christian Musicological Society of India www.TheCMSIndia.in

3. വരുന്നു മംഗള സന്ദേശവുമായ്




Courtesy: The Christian Musicological Society of India www.TheCMSIndia.in

## 4. ദൈവത്തിൻ പുത്രൻ ജനിച്ചു.





### ഗാനം

ദൈവത്തിൻ പുത്രൻ ജനിച്ചു:  
നരനായ് ജഗത്തിൽ ജനിച്ചു:  
ഇരുളിൽ പ്രകാശം തെളിഞ്ഞു:  
കരളിൽ പ്രമോദം നിറഞ്ഞു.

ദൈവത്തിൻ....

Courtesy: The Christian Musicological Society of India www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 5. ഉണ്ണി പിറന്നു.




### ഗാനം

ഉണ്ണിപിറന്നു ബേസ്ലഹമിൽ
വന്ദനമരുളാൻ വന്നിടുവിൻ
നിർമ്മലമോദമലിഞ്ഞൊഴുകും
മംഗളഗാനം പാടിടുവിൻ.

ഉണ്ണിപിറന്നു....

Courtesy: The Christian Musicological Society of India www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

പാതിരാവിൻ പനിനീരിൽ
പൂനിലാവിൻ പുഞ്ചിരിയിൽ
നീലവാനിലെ സുരദീപം
താണിറങ്ങി വരുന്നുലകിൽ.

ഉണ്ണിപിറന്നു..

വിണ്ണിലീശനു കീർത്തനവും
മന്നിൽ മാനവനാശകളും
നേർന്നു വാനവദൂതന്മാർ
ചേർന്നു ഗീതികൾ പാടുന്നു.

ഉണ്ണിപിറന്നു..

നവ്യതാരമുദിക്കുന്നു
നവ്യകാന്തിപരക്കുന്നു:
നാഥനർച്ചനചെയ്തിടുവാൻ
നാട്ടുവാഴികളണയുന്നു.

ഉണ്ണിപിറന്നു.

ആർത്തമായ് നരരക്ഷകനെ
ക്കാത്തുകാത്തു കഴിക്കുമ്പോൾ
പാർത്തലത്തിനു പൂംപുളകം
ചാർത്തിയെത്തിയ സന്ദേശം

ഉണ്ണിപിറന്നു



Courtesy: The Christian Musicological Society of India www.TheCMSIndia.in

മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്
എറണാകുളം, കൊച്ചിൻ-11

Courtesy: The Christian Musicological Society of India www.TheCMSIndia.in